പ്രക്ഷോഭ സമരക്കാർക്കെതിരെ ഗ്രനേഡ് പ്രയോഗം

118 [1674] *ശ്രീ. കോടിയേരി ബാലകൃഷ്ണൻ:*
,, വി. ചെന്താമരാക്ഷൻ:
ശ്രീമതി ഗിരിജാ സുരേന്ദ്രൻ:
ശ്രീ. കെ. പി. സതീശ് ചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നടക്കുന്ന പ്രക്ഷോഭ സമരങ്ങളെ നേരിടാൻ ഗ്രനേഡ് ഉപയോഗിക്കുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഏതെല്ലാം അവസരങ്ങളിലാണ് ഗ്രനേഡ് ഉപയോഗിക്കേണ്ടി വരുന്നതെന്ന് വെളിപ്പെടുത്തുമോ; ഏതെല്ലാം തരത്തിലുള്ള ഗ്രനേഡുകളാണ് ഉപയോഗിച്ചത്;

(സി) ഗ്രനേഡ് ഉപയോഗിക്കുന്നത് സംബന്ധിച്ച് പോലീസിന് നൽകിയിട്ടുള്ള നിർദ്ദേശങ്ങൾ വെളിപ്പെടുത്തുമോ;

(ഡി) സംസ്ഥാനത്ത് 1-7-2005-ന് ശേഷം ഗ്രനേഡ് ഉപയോഗിച്ച എത്ര സംഭവങ്ങൾ ഉണ്ടായിട്ടുണ്ട്; ഇതിന്റെ ഫലമായി എത്ര പേർക്ക് പരിക്കേറ്റു;

(ഇ) ഷെൽഗ്രനേഡ് ഉപയോഗിച്ചതിന്റെ ഫലമായി എത്ര പേർക്ക് പരിക്കേറ്റു;

(എഫ്) ഇത് സംബന്ധിച്ച് അന്വേഷണം നടത്താൻ തയ്യാറാകുമോ?

ഉത്തരം

(എ) അക്രമാസക്തരായ ജനങ്ങളെ പിരിച്ചുവിടുവാൻ ടിയർ സ്മോക്ക് ഗ്രനേഡുകൾ (non-lethal) ഉപയോഗിച്ചുവരുന്നു.

(ബി) അക്രമാസക്തരായ ജനക്കൂട്ടത്തെ പിരിച്ചുവിടേണ്ടതായ സാഹചര്യം ഉണ്ടായാൽ ഏറ്റവും കുറഞ്ഞ ബലപ്രയോഗം എന്നതിലേക്ക് നിയമാനുസരണമായ ഉത്തരവു പ്രകാരം ടിയർ ഗ്യാസ് സ്മോക്ക് ഗ്രനേഡോ, ടിയർ സ്മോക്ക് ഷെല്ലുകളോ ഉപയോഗിച്ച് ജനക്കൂട്ടത്തെ പിരിച്ചുവിടാറുണ്ട്. ഈ അവസരങ്ങളിൽ താഴെ പറയുന്ന ടിയർ ഗ്യാസ് ഗ്രനേഡുകൾ പ്രധാനമായും ഉപയോഗിച്ചുവരുന്നു.

1. സ്റ്റൻലാക് ഗ്രനേഡ്
2. സിംഗിൾ വെ ടിയർ സ്മോക്ക് ഗ്രനേഡ്.
3. 3 വേ ടിയർ സ്മോക്ക് ഗ്രനേഡ്.
4. സ്ട്രിഗർ ഗ്രനേഡ്.
5. ഡൈമാർക്കർ ഗ്രനേഡ്
6. സ്റ്റൻ ഗ്രനേഡ്

LIBRARY ARCHIVES Kerala Legislative Assembly

(സി) ടിയർ ഗ്യാസ് ഗ്രനേഡ് ഉപയോഗിക്കുന്നതിന് പ്രത്യേക പരിശീലനം നൽകിയിട്ടുള്ള പോലീസ് ഉദ്യോഗസ്ഥൻമാരെയാണ് നിയോഗിക്കാറുള്ളത്. ജനക്കൂട്ടത്തിലുള്ള ആർക്കും ജീവഹാനിയുണ്ടാകാതെ ഏറ്റവും കുറഞ്ഞ ബലപ്രയോഗത്തിലൂടെ സംഭവസ്ഥലത്തുള്ള എക്സിക്യൂട്ടീവ് മജിസ്ട്രേറ്റിന്റെയോ ഉന്നത ഉദ്യോഗസ്ഥന്റേയോ നിയമാനുസൃത മുന്നറിയിപ്പുകൾക്കുശേഷം ടിയർ ഗ്യാസ് പ്രയോഗിക്കുവാനാണ് നിർദ്ദേശം നൽകാറുള്ളത്.

(ഡി) ടിയർ ഗ്യാസ് ഗ്രനേഡ് ഉപയോഗിച്ച് 14 സംഭവങ്ങൾ ഉണ്ടായിട്ടുണ്ട്. ഇതിന്റെ ഫലമായി 5 പേർക്ക് പരിക്കേറ്റു.

(ഇ) മൂന്നു പേർക്ക് പരിക്കേറ്റു.

(എഫ്) ഇപ്പോൾ പരിഗണനയിലില്ല.

വിദ്യാർത്ഥി-യുവജന പ്രക്ഷോഭകർക്കെതിരെയുള്ള കേസുകൾ

119 [1675] *ശ്രീ. എ. കെ. ബാലൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്വാശ്രയ മാനേജ്മെന്റ് സ്ഥാപനത്തിലേക്കുള്ള പ്രവേശന പ്പരീക്ഷയുമായി ബന്ധപ്പെട്ട് വിദ്യാർത്ഥി-യുവജനങ്ങൾ നടത്തിയ സമരത്തിനുനേരെ എവിടെയെല്ലാമാണ് ലാത്തിച്ചാർജ്ജും കണ്ണീർവാതക പ്രയോഗവും ഉണ്ടായിട്ടുള്ളത്;

(ബി) പോലീസിന്റെ ലാത്തിച്ചാർജ്ജിലും കണ്ണീർവാതക പ്രയോഗത്തിലും എത്ര വിദ്യാർത്ഥി-വിദ്യാർത്ഥിനികൾക്കാണ് പരിക്കുപറ്റുകയും അംഗവൈകല്യം സംഭവിക്കുകയും ചെയ്തിട്ടുള്ളത്;

(സി) ഈ നടപടികളുമായി ബന്ധപ്പെട്ട് എത്ര പേർക്കെതിരെയാണ് കേസ്സെടുത്തിട്ടുള്ളതെന്നും, ഏതെല്ലാം കുറ്റങ്ങൾ ചുമത്തിയാണ് കേസ് ചാർജ് ചെയ്തിരിക്കുന്നതെന്നും വെളിപ്പെടുത്തുമോ;

(ഡി) ഒത്തു തീർപ്പ് ചർച്ചയുടെ അടിസ്ഥാനത്തിൽ ഏതെല്ലാം കേസ്സുകളാണ് സർക്കാർ പിൻവലിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) — (ഡി) വിവരം ശേഖരിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly